# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 23.12.2023 മുതൽ 27.12.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2023, (102) വെള്ളിയാഴ്ച്ച** | **തീയ്യതി 22/12/2023** |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഡിസംബർ 16 മുതൽ ഡിസംബർ 22 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (ഡിസംബർ 23 മുതൽ ഡിസംബർ 27 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **16/12** | **17/12** | **1812** | **19/12** | **20/12** | **21/12** | **22/12** | **തീയ്യതി** | | **23/12** | **24/12** | **25/12** | **26/12** | **27/12** |
| 0.0 | 0.0 | 2.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0 | 0 | 0 | 0 | 0 |
| 32.6 | 32.0 | 30.0 | 28.3 | 31.0 | 32.0 | 31.4 | ഉയർന്ന താപനില (°C) | | 32 | 33 | 33 | 33 | 33 |
| 25.4 | 26.4 | 24.0 | 25.8 | 26.0 | 26.1 | 24.0 | കുറഞ്ഞ താപനില (°C) | | 24 | 24 | 24 | 24 | 24 |
| Partially cloudy | Cloudy | Cloudy | Partially cloudy | Cloudy | Partially cloudy | Partially cloudy | AM | Cloudy | Cloudy | Partially cloudy | Partially cloudy | Cloudy | Partially cloudy |
| Cloudy | Cloudy | Cloudy | Partially cloudy | Partially cloudy | Cloudy | | PM | | | | | | |
| 76 | 77 | 76 | 66 | 68 | 70 | 76 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 68 | 65 | 70 | 70 | 70 |
| 55 | 65 | 65 | 55 | 55 | 56 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 57 | 53 | 60 | 60 | 60 |
| 6.7 | 6.0 | 8.9 | 13.9 | 10.9 | 9.5 | 7.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 3 |
| ENE | ENE | ENE | ENE | ENE | NNE | ENE | AM | SW | WNW | W | WNW | NW | NNE |
| ENE | NNE | SE | NE | ESE | ENE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/10/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| **2.0** | **2116.7** | **497.7** |

കാലാവസ്ഥാ അറിയിപ്പ്: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) കതിർപരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി തളിക്കുക. |
| കമുക് | സ്പിൻഡിൽ ചാഴി | കമുകിൽ സ്പിൻഡിൽ ചാഴിയെ കാണാൻ സാധ്യതയുണ്ട്. കവുങ്ങിന്റെ കൂമ്പിലയിൽ നിന്നും നീരൂറ്റികുടിച്ച് ചെടിക്ക് നാശമുണ്ടാക്കുന്നു. ഇതിന്റെ ഫലമായി ഇല ഉണങ്ങി കൊഴിഞ്ഞു പോകുന്നു. ഇവയെ നിയന്ത്രിക്കാനായി 1.5 മില്ലി ഡൈമെതോയേറ്റ് (30 EC) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തക്കാളി | വെള്ളീച്ച | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ തക്കാളിയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി ഇത് ആവർത്തിച്ച് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:-. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ അതീവ ജാഗ്രത പുലർത്തുക തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS KVASU, Mannuthy)